**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5030 24.10.2011 -ൽ മറുപടിക്ക്**

**ശബരിമല തീർത്ഥാടനം -അടൂർ മണ്ഡലത്തിലെ ക്രമീകരണങ്ങൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ: | | ശ്രീ.അടൂർ പ്രകാശ്<br>ആരോഗ്യവും കയറും വകുപ്പുമന്ത്രി |
| (എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് എന്തെല്ലാം ക്രമീകരണങ്ങളാണ് ആരോഗ്യ വകുപ്പ് അടൂർ മണ്ഡലത്തിൽ നടപ്പിലാക്കാൻ പോകുന്നത് എന്ന് വ്യക്തമാക്കാമോ ; | (എ) | അടൂർ ജനറൽ ആശുപത്രിയിൽ ശബരിമല സീസണോടനുബന്ധിച്ച് ശബരിമല വാർഡ് തുറന്ന് പ്രവർത്തിക്കുകയും 24 മണിക്കൂറും ആരോഗ്യസേവനം നൽകുകയും ചെയ്യുന്ന ആമ്പുലൻസ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുമാണ്. പന്തളം വലിയ കോയിക്കൽ ശാസ്താ ക്ഷേത്രത്തിൽ ശബരിമല സീസണോടനുബന്ധിച്ച് താൽക്കാലിക ക്ലിനിക് തുറന്ന് പ്രവർത്തിപ്പിച്ച് ആവശ്യമായ ചികിത്സ നൽകുകയും ചെയ്യുന്നതാണ്. ആവശ്യമായ ഡോക്ടർ, പാരാമെഡിക്കൽ ജീവനക്കാർ, മരുന്നുകൾ, ആമ്പുലൻസ് എന്നിവ സീസൺ സമയത്ത് നൽകുന്നതാണ്. കൂടാതെ സാനിട്ടറി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും ഹോട്ടലും മറ്റു ഭക്ഷണ വിതരണ സ്ഥലങ്ങളിലും പരിശോധന നടത്തുന്നതിനും കിണറുകൾ ക്ലോറിനേഷൻ നടത്തുന്നതിനുമായി രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ഹെൽത്ത് കാർഡ് വിതരണം എന്നിവ നടത്തുന്നതിനായി ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നതാണ്. നാഷണൽ |

| | | | |
|---|---|---|---|
| | | | റൂറൽ ഹെൽത്ത് മിഷൻ അടൂർ മണ്ഡലത്തിലെ സർക്കാർ ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററിന്റെ നവീകരണ പ്രവർത്തനം ചെയ്യുവാനായി കേന്ദ്ര പൊതു മേഖലാസ്ഥാപനമായ എച്ച്.എൽ.എൽ. നെ ഏൽപ്പിച്ചിരിക്കുന്നു. ഈ പ്രവർത്തനങ്ങൾക്കായി 40.55 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പകർച്ചപ്പനികളുടെയും മറ്റും ഭീതിയിൽ അന്യസംസ്ഥാന അയ്യപ്പൻമാർ അധികമായെത്തുന്നയിടങ്ങളിൽ ഹെൽപ്പ്ഡെസ്ക് തുറക്കുവാൻ നടപടിയുണ്ടാകുമോ ; | (ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| (സി) | ഇടത്താവളമായ പന്തളത്ത് ഖരമാലിന്യനിർമ്മാർജ്ജനത്തിനായി എന്തെങ്കിലും പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; | (സി) & (ഡി) | ഇക്കാര്യത്തിൽ പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. |
| (ഡി) | എങ്കിൽ വിശദാംശം അറിയിക്കുമോ ? | | |

സെക്ഷൻ ഓഫീസർ